KAUEDU/1123/2024-EDU B3 31-08-2024

**<u>അനൗൺസ്മെന്റ്</u>**

–

1. കേരള കാർഷിക സർവകലാശാലയുടെ 2024-2025 അധ്യയന വർഷത്തെ ഡിപ്ലോമ ഇൻ അഗ്രികൾച്ചർ സയൻസ്, ഡിപ്ലോമ ഇൻ ഓർഗാനിക് അഗ്രികൾച്ചർ കോഴ്സുകളിലേക്ക് എൽ ബി എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി നടത്തിയ പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റ് ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.
2. കേരള കാർഷിക സർവകലാശാലയുടെ പ്രവേശന നടപടികൾക്കായി പ്രത്യേക പ്രൊവിഷണൽ റാങ്ക് ലിസ്റ്റുകൾ സർവകലാശാല പ്രസിദ്ധീകരിക്കുന്നതാണ്. അടിസ്ഥാന വിദ്യാഭ്യാസയോഗ്യത, പ്രായം എന്നിവ ഉൾപ്പെടെ, പ്രവേശനപ്രോസ്പെക്ടസിൽ നിഷ്കർഷിച്ചിരിക്കുന്ന എല്ലാ പ്രവേശനമാനദണ്ഡങ്ങളുടെയും സൂക്ഷ്മപരിശോധനക്കു ശേഷം സർവകലാശാല യോഗ്യരെന്നു കണ്ടെത്തുന്ന അപേക്ഷകരെ മാത്രമാണ് സർവകലാശാലയുടെ പ്രൊവിഷണൽ ലിസ്റ്റുകളിൽ ഉൾപ്പെടുത്തുന്നത്. മെറിറ്റ്-സംവരണ വിഭാഗങ്ങളിലെ സീറ്റുകളുടെ ലഭ്യത അനുസരിച്ചായിരിക്കും വിവിധ ഘട്ടങ്ങളിൽ പ്രസിദ്ധീകരിക്കുന്ന പ്രൊവിഷണൽ റാങ്ക് ലിസ്റ്റുകളിൽ നിന്ന് പ്രവേശനം നടത്തുന്നത്.
3. ഇതോടൊപ്പം അയോഗ്യരായ അപേക്ഷകരുടെ റിജക്റ്റഡ് ലിസ്റ്റ് കൂടി ഓരോ ഘട്ടങ്ങളിലും പ്രസിദ്ധീകരിക്കുന്നതാണ്. റിജക്റ്റഡ് ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകർക്ക് തങ്ങളുടെ യോഗ്യത തെളിയിക്കുന്ന രേഖകൾ സമർപ്പിക്കുവാൻ നിശ്ചിതസമയം അനുവദിക്കുന്നതായിരിക്കും.
4. വിവിധ പ്രവേശന ഘട്ടങ്ങളിൽ സർട്ടിഫിക്കറ്റുകളുടെ ഫിസിക്കൽ വെരിഫിക്കേഷൻ, ഫീ പേയ്മെന്റ് എന്നിവ സർവകലാശാല നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ തൃപ്തികരമായി പൂർത്തിയാക്കുന്ന അപേക്ഷകരെ മാത്രമേ അഡ്മിഷനായി പരിഗണിക്കുകയുള്ളൂ.
5. സർവകലാശാലയുടെ പ്രവേശന നടപടികൾ പൂർണ്ണമായും മേൽ നിബന്ധനകൾക്ക് വിധേയമായിരിക്കും

DIRECTOR OF
EDUCATION